**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2424** **24-06-2024 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് -മണ്ണാർക്കാട്- ടിപ്പുസുൽത്താൻ റോഡ് നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് അനുവദിച്ച് കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട് -മണ്ണാർക്കാട്- ടിപ്പുസുൽത്താൻ റോഡ് നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കോങ്ങാട് നിയോജക മണ്ഡലത്തിലെ കോങ്ങാട് – മണ്ണാർക്കാട് – ടിപ്പു സുൽത്താൻ റോഡ് നിർമ്മാണ പ്രവൃത്തിക്ക് 07/02/2019-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 53.89 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. 15/02/2021-ന് M/s. മലബാർ ടെക്ക് എന്ന കമ്പനിയുമായി ഒപ്പുവച്ച കരാർ ഉടമ്പടി പ്രകാരം നിലവിൽ 17 കിലോമീറ്റർ നീളത്തിൽ ഡി.ബി.എം പ്രവൃത്തിയും, 13 കിലോമീറ്റർ നീളത്തിൽ ബി.സി പ്രവൃത്തിയും ഉൾപ്പെടെ ആകെ 91 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് 147-മത് ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സഹിതം പുതുക്കിയ ധനാനുമതിയ്ക്കായി നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 66.81 കോടി രൂപയുടെ പുതുക്കിയ ധനാനുമതി 08/05/2024-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി നൽകിയിട്ടുണ്ട്. തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അംഗീകാരത്തിനായി നിർവ്വഹണ ഏജൻസി സമർപ്പിച്ച കോൺട്രാക്ട് പാക്കേജ് ഡീവിയേഷൻ ഫയൽ നിലവിൽ കിഫ്ബിയുടെ പരിശോധനയിലാണ്. ഡീവിയേഷൻ ഫയൽ കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് Supplementary Agreement വച്ച് ശേഷിക്കുന്ന പ്രവൃത്തികൾ കൂടി നിർവ്വഹണ ഏജൻസിക്ക് പൂർത്തീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കോങ്ങാട് നിയോജക മണ്ഡലത്തിലെ കോങ്ങാട് – മണ്ണാർക്കാട് |

| | | | |
|---|---|---|---|
| | | | – ടിപ്പു സുൽത്താൻ റോഡ് നിർമ്മാണ പ്രവൃത്തിക്ക് 07/02/2019-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 53.89 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. 15/02/2021-ന് M/s. മലബാർ ടെക്ക് എന്ന കമ്പനിയുമായി ഒപ്പുവച്ച കരാർ ഉടമ്പടി പ്രകാരം നിലവിൽ 17 കിലോമീറ്റർ നീളത്തിൽ ഡി.ബി.എം പ്രവൃത്തിയും, 13 കിലോമീറ്റർ നീളത്തിൽ ബി.സി പ്രവൃത്തിയും ഉൾപ്പെടെ ആകെ 91 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് 147-മത് ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സഹിതം പുതുക്കിയ ധനാനുമതിയ്ക്കായി നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 66.81 കോടി രൂപയുടെ പുതുക്കിയ ധനാനുമതി 08/05/2024-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി നൽകിയിട്ടുണ്ട്. തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അംഗീകാരത്തിനായി നിർവ്വഹണ ഏജൻസി സമർപ്പിച്ച കോൺട്രാക്ട് പാക്കേജ് ഡീവിയേഷൻ ഫയൽ നിലവിൽ കിഫ്ബിയുടെ പരിശോധനയിലാണ്. ഡീവിയേഷൻ ഫയൽ കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് Supplementary Agreement വച്ച് ശേഷിക്കുന്ന പ്രവൃത്തികൾ കൂടി നിർവ്വഹണ ഏജൻസിക്ക് പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ